പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കൻഡറി വിഭാ
ഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,തിരുവനന്തപുരം.
ഫോൺ: 0471-2323198

**നം.എസിഡി എസ്.പി.സി(2)/215006/2021/എച്ച്.എസ്.ഇ** **തീയതി : 27/10/2021**

## സർക്കുലർ

**വിഷയം**:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി. - Online Teacher Orientation Programme 2021-22- ഏകദിന അധ്യാപക പരിശീലന ശില്പശാല- ആർ.ഡി.ഡിമാർ, ജില്ലാകോർഡിനേറ്റർമാർ, പ്രിൻസിപ്പൽമാർ, അധ്യാപകർ എന്നിവർക്കുള്ള തുടർ നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

**സൂചന**: 20.10.2021, 25.10.2021 തിയതിയിലെ ഇതേ നമ്പർ സർക്കുലർ

സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് മുന്നോടിയായി മുഴുവൻ ഹയർ സെക്കന്ററി അദ്ധ്യാപകർക്കും 2021 ഒക്ടോബർ 29,30 തീയതികളിലായി ഏകദിന പരീശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിശീനവുമായി ബന്ധപ്പെട്ട് ആർ.ഡി.ഡിമാർ, ജില്ലാകോർഡിനേറ്റർമാർ പ്രിൻസിപ്പൽമാർ, അധ്യാപകർ എന്നിവർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രിൻസിപ്പൽമാർ സ്വയം പരിശീലനത്തിന്റെ ഭാഗമകുന്നതോടൊപ്പം അതാത് സ്കൂളുകളിലെ മുഴുവൻ ഹയർ സെക്കണ്ടറി അധ്യാപകരും പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ഓരോ ജില്ലയിലും ബാച്ചടിസ്ഥാനത്തിൽ തിരിച്ചിട്ടുള്ള സമയക്രമവും തീയതിയും പ്രിൻസിപ്പിൽമാരും അധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്. സംശയങ്ങളുണ്ടായാൽ ജില്ലാകോർഡിനേറ്റർമാരെ ബന്ധപ്പെടാവുന്നതാണ്.

3. അധ്യാപകരെല്ലാം സ്കൂളുകളിൽ ഹാജരായി ഓൺലൈൻ പരിശീലന ക്ലാസിൽ ഒരേസമയം പങ്കെടുക്കുന്നത് നെറ്റ്‌വർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കാനും

ശബ്ദവും പ്രസന്റേഷനും വ്യക്തമാകാതിരിക്കാനും സാധ്യതയുള്ളതിനാൽ വീട്ടിലിരുന്ന് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

4. ഒരധ്യാപകന് ഒരു ദിവസത്തെ പരിശീലനത്തിൽ പങ്കെടുത്താൽ മതിയെന്നതിനാൽ പരിശീലനം നടക്കാത്ത ദിവസം അധ്യാപകർ നിർബന്ധമായും സ്കൂളിൽ ഹാജരാകേണ്ടതാണ്.

5. അധ്യാപക പരിശീലനത്തിന് നേതൃത്വം കൊടുക്കുന്ന ഡി.ആർ.ജി മാർക്ക് തയ്യാറെടുക്കുന്നതിന് സമയം ആവശ്യമുണ്ടെങ്കിൽ 28.10.2021-ൽ മറ്റ് ഡ്യൂട്ടികൾ ഒഴിവാക്കാവുന്നതാണ്.

6. ആർ.ഡി.ഡിമാരും, ജില്ലാ കോർഡിനേറ്റർമാരും പരിശീലന പരിപാടി മോണിട്ടർ ചെയ്യേണ്ടതും മതിയായ കാരണമില്ലാതെ പരിശീലനത്തിൽ നിന്ന് വിട്ട് നിൽക്കുന്ന അധ്യാപകരുടെ വിശദാംശങ്ങൾ ആർ.ഡി.ഡി മുഖാന്തിരം അക്കാഡമിക് ജോയിന്റ് ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

7. പരിശീലനത്തിന് ശേഷം SCERT തയ്യാറാക്കിയ Feedback Form പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**